കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **132/2026** തിരുവനന്തപുരം, തീയതി : **27/06/2026**

# പത്രക്കുറിപ്പ്

## കേരള സർവകലാശാല
## ഒന്നാം വർഷ ബിരുദ പ്രവേശനം - 2026

**സ്പോർട്സ് ക്വാട്ട സീറ്റുകളിലേക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. കോളേജിൽ ഹാജരാകേണ്ട തീയതി ജൂൺ 30 ചൊവ്വാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് മുൻപ്**

കേരള സർവകലാശാല ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലെ സ്പോർട്സ് ക്വാട്ട സീറ്റുകളിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് "സ്പോർട്സ് ക്വാട്ട" എന്ന ടാബ് ഉപയോഗിച്ച് റാങ്ക് ലിസ്റ്റ് പരിശോധിക്കാവുന്നതാണ്. പ്രവേശനം ആഗ്രഹിക്കുന്ന സ്പോർട്സ് ക്വാട്ട റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ ജൂൺ 30 ചൊവ്വാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് മുൻപായി എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും സഹിതം പ്രൊഫൈലിൽ വച്ചിട്ടുള്ള താല്പര്യമുള്ള കോളേജുകളിൽ ഹാജരാകേണ്ടതാണ്. ഉച്ചയ്ക്ക് 12 മണിക്ക് മുൻപായി ഹാജരാകുന്നവർക്ക് കോളേജ് തല റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ ആദ്യ പരിഗണന ലഭിക്കുന്നതാണ്.

എല്ലാ കോളേജുകളിലും എല്ലാ കോഴ്സുകൾക്കും ഒരേ ഷെഡ്യൂൾ തന്നെയാണ് കൗൺസിലിങ് നടത്തുന്നത്. ആയതിനാൽ ഒന്നിൽ കൂടുതൽ കോളേജുകളുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് കൗൺസിലിങ്ങിൽ പങ്കെടുക്കാൻ രക്ഷകർത്താവ്/ പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താവുന്നതാണ്. രക്ഷകർത്താവ്/ പ്രതിനിധിയാണ് ഹാജരാകുന്നതെങ്കിൽ അപേക്ഷയുടെ പ്രിന്റൗട്ട്, വിദ്യാർത്ഥി ഒപ്പിട്ട **authorization letter**, മാർക്ക് ലിസ്റ്റുകളുടെ പകർപ്പ് എന്നിവ ഹാജരാക്കണം.

വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് സന്ദർശിക്കുക (**https://admissions.keralauniversity.ac.in/fyugp2026**). ഹെൽപ് ലൈൻ നമ്പർ: 8281883052.

## പുനർമൂല്യനിർണ്ണയ ഫലം പ്രസിദ്ധീകരിച്ചു

കേരള സർവകലാശാല 2025 നവംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ FYUGP (2024 - റെഗുലർ ബാച്ച്) പരീക്ഷയുടെ പുനർമൂല്യനിർണ്ണയ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിലുണ്ടായ മാർക്ക് വ്യത്യാസം സ്റ്റുഡന്റ് പ്രൊഫൈലിൽ ലഭ്യമാണ്.

## പിഎച്ച്.ഡി രജിസ്ട്രേഷൻ - ജൂലൈ 2026
## ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയുടെ ജൂലൈ 2026 സെഷൻ പിഎച്ച്.ഡി രജിസ്ട്രേഷന് ഒഴിവുകളുള്ള വിഷയങ്ങളിൽ ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു. 2026 ജൂലൈ 01 മുതൽ 15 വൈകന്നേരം 5 മണി വരെ സർവകലാശാലയുടെ റിസർച്ച് പോർട്ടൽ വെബ്സൈറ്റിൽ (www.research.keralauniversity.ac.in) അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് റിസർച്ച് പോർട്ടൽ വെബ്സൈറ്റ് സന്ദർശിക്കുക. യൂണിവേഴ്സിറ്റി ടീച്ചിംഗ് ഡിപ്പാർട്ട്മെന്റുകൾ ഇല്ലാത്ത വിഷയങ്ങളിൽ അപേക്ഷിച്ചവർ ഓൺലൈൻ അപേക്ഷയുടെ പകർപ്പും അനുബന്ധരേഖകളും 2026 ജൂലൈ 16 ന് വൈകുന്നേരം 5 മണിക്ക് മുൻപായി കേരള സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്.

## പരീക്ഷാ തീയതി പുനഃക്രമീകരിച്ചു

കേരളസർവകലാശാല 2026 ജൂൺ 26 ന് നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ യൂണിറ്ററി (ത്രിവത്സര) എൽഎൽബി ബിരുദ പരീക്ഷ 2026 ജൂലൈ 01 ലേക്ക് മാറ്റിവച്ചിരിക്കുന്നു. പരീക്ഷാ സമയത്തിനോ കേന്ദ്രത്തിനോ മാറ്റമില്ല.

## ടൈംടേബിൾ

കേരളസർവകലാശാല 2026 ജൂലൈയിൽ നടത്തുന്ന രണ്ട്, നാല് സെമസ്റ്റർ എംഎഫ്എ (പെയിന്റിംഗ്, സ്കൾപ്ച്ചർ) പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)


**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**